"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - കണ്ണൂർ ഗവ. ഐ.ടി.ഐ. ക്ലാർക്ക് ശ്രീ.വിപിൻ ദാസ്.എൻ (PEN 850711)-ന്റെ പ്രൊബേഷൻ ദീർഘിപ്പിച്ചും ടിയാളുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നല്കിയും ഉത്തരവാകുന്നു.

---

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.461/2024/LBR തീയതി,തിരുവനന്തപുരം, 27-03-2024

---

പരാമർശം:-
1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 04.09.2020-ലെ ഡിടി/41346/2018-എ3 നമ്പർ ഉത്തരവ്.
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 11.03.2024-ലെ ഡി.ടി/902/2024-എ4 നമ്പർ നടപടിക്രമം.
3. ട്രെയിനിംഗ് ഡയറക്ടറുടെ 11.03.2024-ലെ ഡി.ടി/902/2024-എ4 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1-ലെ ഉത്തരവ് പ്രകാരം 29.09.2020 FN-ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.വിപിൻ ദാസ്.എൻ (PEN 850711) പരിവീക്ഷാകാലയളവിനെ ബാധിക്കുന്ന 2 അവധികൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ടിയാൾ ക്ലാർക്ക് തസ്തികയിലെ പരിവീക്ഷാകാലം (രണ്ടു വർഷം) 28.09.2022-ൽ പൂർത്തിയാക്കി എങ്കിലും നിയമബദ്ധമായ MOP വിജയിച്ചിരിക്കുന്നത് 07/2023-ലെ വിജ്ഞാപന പ്രകാരമുള്ള 04.10.2023-ലെ പരീക്ഷ എഴുതിയാണ്. ആയതിനാൽ ടിയാളുടെ പരിവീക്ഷാകാലം 05.10.2023 FN പ്രാബല്യത്തിൽ മാത്രമേ ഡിക്ലയർ ചെയ്യുവാൻ സാധിക്കുകയുള്ളു. കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് റൂൾസ്, ഭാഗം-II, ചട്ടം. 21 പ്രകാരം ടിയാൾ രണ്ട് വർഷത്തെ ഡ്യൂട്ടി പൂർത്തിയാക്കിയതിന്റെ തൊട്ടടുത്ത ദിവസമായ 29.09.2022 മുതൽ 28.09.2023 വരെ (ഒരു വർഷക്കാലം) ടിയാളുടെ പ്രൊബേഷൻ പരാമർശം 2 പ്രകാരം നിയമനാധികാരി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ തുടർച്ചയായി ടിയാന്റെ പരിവീക്ഷാകാലം 29.09.2023 മുതൽ 06.10.2023 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 3-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.വിപിൻ ദാസ്.എൻ- (PEN 850711)ന്റെ ക്ലാർക്ക് തസ്തികയിലെ പരിവീക്ഷാകാലം, കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 21 പ്രകാരം 29.09.2023 മുതൽ 06.10.2023 വരെ ദീർഘിപ്പിച്ചും ടിയാളുടെ പ്രൊബേഷൻ 05.10.2023 FN പ്രാബല്യത്തിൽ ഡിക്ലയർ ചെയ്യുന്നതിന് ട്രെയിനിംഗ് ഡയറക്ടർക്ക് അനുമതി നല്കിയും ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
അണ്ടർ സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.വിപിൻ ദാസ്.എൻ, ക്ലാർക്ക്, ഗവ.ഐ.ടി.ഐ, കണ്ണൂർ (ട്രെയിനിംഗ് ഡയറക്ടർ, വ്യാവസായിക പരിശീലന വകുപ്പ്, തിരുവനന്തപുരം മുഖേന).
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ) വകുപ്പ് (ഗവ. വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Usharani L
സെക്ഷൻ ഓഫീസർ
Date: 27-03-2024 11:42:06